പ്രൊഫഷണൽ മാനേജ്മെന്റ്

177(2379) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ മാനേജ്മെന്റ് ഏർപ്പെടുത്തുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനത്തിലാണ് നടപ്പിലാക്കിയതെന്നും അക്കാരണത്താൽ മെച്ചപ്പെട്ട ഏതെല്ലാം പ്രവർത്തനങ്ങളാണ് ഉണ്ടായതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുതയിടങ്ങളിൽ മെച്ചപ്പെട്ട പ്രൊഫഷണൽ മാനേജ്മെന്റ് സംവിധാനം കൈവരുന്നതിന് സാദ്ധ്യമായില്ലെന്നും അഴിമതിക്കാരും ദുർവ്യയക്കാരുമാണ് നിയമിതരായതെന്നുമുള്ള ആരോപണത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രൊഫഷണൽ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി മാനേജിംഗ് ഡയറക്ടർമാർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ മുതലായ തസ്തികകളിൽ പ്രൊഫഷണൽ യോഗ്യതയുള്ളവരെയാണ് നിയമിച്ചുവരുന്നത്. സ്ഥാപനങ്ങളുടെ പ്രവർത്തന മേഖല കണക്കിലെടുത്ത് ഡയറക്ടർ ബോർഡ് തലത്തിലും വിദഗ്ധരുടെ സേവനം ലഭ്യമാക്കാറുണ്ട്. മാനേജിംഗ് ഡയറക്ടർമാരെ അതാത് മേഖലയിലുള്ള പ്രൊഫഷണൽ മാനേജ്മെന്റ് വൈദഗ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നേരിട്ടും, റിയാബ് മുഖേന സുതാര്യമായ തെരഞ്ഞെടുപ്പ് നടപടിക്രമത്തിലൂടെയുമാണ് നിയമിച്ചു വരുന്നത്. ഓരോ സ്ഥാപനങ്ങളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മികവുറ്റ ഉൽപ്പാദന സംവിധാനങ്ങൾ, കാലാനുസൃതമായ സാങ്കേതികവിദ്യയുടെ നടപ്പാക്കൽ, വിപണി വിപുലീകരിക്കുന്നതിനും ഉൽപ്പാദനം കൂട്ടുന്നതിനും ആവശ്യമായ നടപടികൾ, നൂതനമായ സാങ്കേതികവിദ്യയിലൂടെ കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉൽപ്പാദനം എന്നിവ കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തീകരിച്ച് നടപ്പിലാക്കുന്നത് നിലവിലുള്ള പ്രൊഫഷണൽ മാനേജ്മെന്റ് സംവിധാനം മുഖേനയാണ്.

(സി) ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly